<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 301</u> <u>03-03-2023 - ൽ മറുപടിയ്ക്ക്</u>

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് വിഹിതത്തിൽ ഗണ്യമായ പങ്ക് സംസ്ഥാനങ്ങളുടെ ചുമതലയാക്കി മാറ്റാൻ കേന്ദ്ര സർക്കാർ ശ്രമം തുടങ്ങിയെന്ന വാർത്ത സൃഷ്ടിച്ചിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കണക്കിലെടുത്ത് അത്തരത്തിലുള്ള നടപടിയുമായി മുന്നോട്ട് പോകരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (എ) | ഇത് സംബന്ധിച്ച ചില പത്ര വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ ഔദ്യോഗിക അറിയിപ്പുകൾ ഒന്നും ലഭ്യമായിട്ടില്ല. 2023-24-ലെ കേന്ദ്ര ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 60,000 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. 2022-23-ൽ (റിവൈസ്ഡ്) (RE) ഇത് 89,400 കോടി രൂപയായിരുന്നു. ബഡ്ജറ്റ് outlay കുറയുമ്പോൾ തൊഴിൽ ദിന ലഭ്യത വെട്ടിച്ചുരുക്കപ്പെടും.. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തും. |
| (ബി) | സംസ്ഥാനത്ത് കേന്ദ്ര മാനദണ്ഡങ്ങളുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതി കാര്യക്ഷമമായി വിനിയോഗിച്ചുകൊണ്ട് സമഗ്ര ഗ്രാമീണ വികസനം സാധ്യമാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ 10.30 കോടി തൊഴിൽ ദിനങ്ങൾക്കുള്ള ലേബർ ബജറ്റാണ് അംഗീകാരത്തിനായി സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിച്ചത്. എന്നാൽ സംസ്ഥാനത്തിന് ആദ്യം അംഗീകാരം ലഭിച്ചത് 6 കോടി തൊഴിൽ ദിനങ്ങൾ അടങ്ങിയ ലേബർ ബജറ്റിനാണ്. തുടർന്ന്, 8.50 കോടിയായി വർദ്ധിപ്പിച്ച് ലേബർ ബജറ്റ് പരിഷ്കരിക്കുകയുണ്ടായി. 28.02.2023 തീയതിയ്ക്കുള്ളിൽ തന്നെ കേരളം 8.51 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് കഴിഞ്ഞു.<br><br>ഈ സാഹചര്യത്തിൽ തൊഴിൽദിനങ്ങൾ 10.16 കോടിയായ് വർദ്ധിപ്പിച്ച നൽകണമെന്ന് കേന്ദ്രസർക്കാരിനോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് ഉപരിയായി കാർഷിക അനുബന്ധ മേഖലകളിൽ ഉല്പാദന വർദ്ധനവിനു സഹായകരമാകുന്ന പദ്ധതികളും ഉപജീവന ആസ്തികളായ പശു തൊഴുത്തുകൾ, ആട്ടിൻ കൂടുകൾ, കോഴിക്കൂടുകൾ എന്നിവയുടെ നിർമ്മാണവും, മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി കമ്പോസ്റ്റ് പിറ്റ് , സോക്പിറ്റ്, മിനി MCF |

| | | | |
|---|---|---|---|
| | | | കൾ തുടങ്ങിയ ആസ്തികളും നിർമ്മിക്കുന്നുണ്ട്. കൂടാതെ പദ്ധതിയിലെ അവിദഗ്ധ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികൾ ആക്കുന്നതിനുള്ള പരിശീലന പരിപാടികളും സംസ്ഥാനത്ത് നടപ്പിലാക്കുന്നു. |
| (സി) | പദ്ധതി ഫലവത്താക്കുന്നതിന് മിഷൻ 941, മികവ് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ, ഗ്രാമചന്തകൾ, സ്വയം സഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡുകൾ എന്നിവയുടെ നിർമ്മാണം ഊർജ്ജിതമാക്കുന്നതിന് 'മിഷൻ 941" പദ്ധതിയും, പദ്ധതിയിലെ അവിദഗ്ധ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികൾ ആക്കുന്നതിനുള്ള പരിശീലന പരിപാടി ആയി 'മികവ്' പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമിട്ട് സംസ്ഥാനം തനത് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന കേരള ട്രൈബൽ പ്ലസ്-നെ കുറിച്ച് അറിയിക്കാമോ; | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള 100 തൊഴിൽ ദിനങ്ങൾക്ക് ഉപരിയായ് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ അധികമായി അനുവദിക്കുന്ന പദ്ധതിയാണ് കേരള ട്രൈബൽ പ്ലസ് പദ്ധതി. 2022-23 സാമ്പത്തിക വർഷം ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം വേതനം നൽകുന്നതിന് സംസ്ഥാന സർക്കാർ നീക്കിവെച്ചിട്ടുള്ള 35 കോടി രൂപയിൽ 19 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയ്ക്ക് കീഴിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി, 16.02.2023 വരെ, 5,91,521 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. അതിലൂടെ ആകെ 20,053 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നൽകാൻ സാധിച്ചിട്ടുണ്ട്. അതിൽ 940 പട്ടികവർഗ്ഗ കുടുംബങ്ങൾ ഇതിനകം തന്നെ 200 ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 16.02.2023 വരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി, 13.65 കോടി രൂപ വേതനമായി വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാതൃകയിൽ നഗര തൊഴിലുറപ്പ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ള രാജ്യത്തെ ഏക സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ കൈവരിച്ച നേട്ടം വിശദമാക്കുമോ? | (ഇ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ, നഗര പ്രദേശത്ത്, കായികാദ്ധ്വാനത്തിന് തയ്യാറാവുന്നവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി 2010 മുതൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. ഇപ്രകാരം തൊഴിലുറപ്പ് പദ്ധതിയ്ക്ക് രൂപം കൊടുത്ത രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം.<br><br>2020-21 സാമ്പത്തിക വർഷം 90.52 കോടി രൂപ ചെലവഴിച്ച് 32.5 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച |

| | | | |
|---|---|---|---|
| | | | സ്ഥാനത്ത് 2021-22 സാമ്പത്തിക വർഷം 113.34 കോടി രൂപ ചെലവഴിക്കുകയും 46.33 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതിക്കായി 125 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 24.02.2023 വരെയുള്ള കണക്കുകൾ പ്രകാരം 31.6 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം 150 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ